Reg. No. M. 2293

ഒററപ്രതി 2ണ.

# സത്യദീപം

“ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 26 | 1128 മിഥുനം 3—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ജൂൺ 17 | ലക്കം 41

## പലരും തെററിദ്ധരിക്കുന്ന ആ “ക്രിസ്തീയ അന്തരീക്ഷം”—അതെങ്ങനെ പ്രായോഗികമാക്കാം?

(കെ. ഇ. ജോബ് എം. എ., എൽ. ടി.)

പതിമൂന്നാം ലെയോൻ മാർപാപ്പായുടെ ഒരു സുപ്രസിദ്ധ വിശ്വലേഖനത്തിൽ പറയുന്നുണ്ടു്, കത്തോലിക്കാ വിദ്യാലയങ്ങളിൽ ഏതു പ്രാപഞ്ചികവിഷയങ്ങൾ അഭ്യസിപ്പിച്ചാലും അതു് ക്രൈസ്തവമായ ഒരന്തരീക്ഷത്തിലായിരിക്കണം എന്നു്. അടുത്തകാലങ്ങളിൽ തിരുവിതാംകൂറിലും കൊച്ചിയിലും മുഴങ്ങിക്കൊണ്ടിരുന്ന വിദ്യാഭ്യാസ പ്രക്ഷോഭണങ്ങൾക്കിടയിൽ, ഈ ആശയവും ശക്തിമത്തായി കത്തോലിക്കർ ഉന്നയിക്കയുണ്ടായി. വിഭിന്ന സമുദായങ്ങളിലും രാഷ്ട്രീയകക്ഷികളിലും ഉൾപ്പെട്ടുനിൽക്കുന്ന പല പ്രബുദ്ധപൗരന്മാർക്കുപോലും ഈ വാദത്തിൽ അടങ്ങിയിരിക്കുന്ന തത്വം ശരിയായി ഗ്രഹിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. അതും കത്തോലിക്കരുടെ “മതഭ്രാന്തി”നുള്ള ഒരു ഉദാഹരണമായിട്ടുമാത്രമേ അവർ ഗ്രഹിച്ചുള്ളു. ഈ എഴുത്തുകാരൻെറ അഭിവന്ദ്യ ഗുരുഭൂതന്മാരിലൊരുവനും അടുത്തകാലത്തു ഡിവിഷൻ ഇൻസ്പെക്ടർ ഉദ്യോഗത്തിൽനിന്നു പെൻഷൻപററി വിരമിച്ചു ആളുമായ ഒരു ബ്രാഹ്മണപണ്ഡിതൻ ഈ വിഷയത്തെപ്പററി ഈ ലേഖിതാവിനോടു് ഒരിക്കൽ ഇങ്ങനെ ചോദിക്കുകയുണ്ടായി: “മിസ്റ്റർ....ഞാൻ ഈ സംസ്ഥാനത്തിലുള്ള വിവിധസമുദായക്കാരുടെ വിദ്യാലയങ്ങളെല്ലാം പരിശോധിച്ചു നോക്കിയിട്ടുണ്ടു്. അവയെല്ലാം ഒരേ പാഠപദ്ധതി അനുസരിച്ചാണല്ലോ ഓരോ വിഷയങ്ങൾ ബോധനം നടത്തുന്നതു്. അവയിലൊന്നും പ്രത്യേകമായ ഒരന്തരീക്ഷം പുലർത്തുന്നതായി ഞാൻ കണ്ടില്ല. ഹിന്ദുസ്കൂളിലും കത്തോലിക്കസ്കൂളിലും മാർത്തോമ്മാസ്കൂളിലും യാക്കോബായസ്കൂളിലും ആംഗ്ലിക്കൻ സ്കൂളിലും മുസ്ലീം സ്കൂളിലും എല്ലാം ഒന്നുപോലെതന്നെ എല്ലാ വിഷയങ്ങളും പഠിപ്പിക്കുന്നുണ്ടല്ലോ. എല്ലാവരെയും അഭിമുഖീകരിക്കുന്ന പബ്ളിക്കു പരീക്ഷയും ഒന്നുതന്നെയാണല്ലോ? പിന്നെ എന്താണു് ആരും ആചരിക്കാത്ത ഈ അന്തരീക്ഷവാദത്തെ നിങ്ങൾ മാത്രം ഇത്ര ഉച്ചൈസ്തരം ഉന്നയിക്കുന്നതു്?”

ഈ ചോദ്യത്തിനുത്തരം പറയേണ്ടിവന്നപ്പോൾ പല വിശദാംശങ്ങളെപ്പററിയും പ്രതിപാദിക്കേണ്ടിവന്നു. ആദ്യമായി ഊന്നിപ്പറയേണ്ടിവന്നതു്, “ക്രിസ്തീയ അന്തരീക്ഷം” എന്ന പദങ്ങളാൽ മാർപ്പാപ്പ ഉദ്ദേശിച്ചതു് പ്രധാനമായി ആസ്തിക്യബോധത്തിൽ രൂഢമൂലമായ വിദ്യാബോധനമാണെന്നുള്ളതാണു്. ക്രിസ്ത്യാനികൾ കൂട്ടമായി വസിക്കുന്ന പാശ്ചാത്യദേശങ്ങളിലും പാശ്ചാത്യർ കുടിയേറിപ്പാർക്കുന്ന ഇതരഭൂഭാഗങ്ങളിലും ക്രൈസ്തവാന്തരീക്ഷം എന്ന പദത്താൽ, നിർദ്ദേശിക്കപ്പെടുന്നതു് ഈശ്വരാസ്തിക്യത്തിലും തജ്ജന്യമായ മതബോധത്തിലും അടിയുറച്ച വിദ്യാഭ്യാസം എന്നേ അർത്ഥമുള്ളു. അവിടങ്ങളിൽ മതവും ക്രിസ്തുമതവും പര്യായശബ്ദങ്ങളാണു്. നമ്മുടെ ഇൻഡ്യാ മഹാരാജ്യത്തിൽ മതമെന്നു പറഞ്ഞാൽ പലരും ആദ്യമായി ധരിക്കുന്നതു് വർഗ്ഗീയത എന്നാണു്. മതം, മനുഷ്യൻെറ മനം മയക്കുന്ന ഏതോ ഉന്മാദകപദാർത്ഥമാണെന്നു വിശ്വസിക്കുന്ന നാസ്തികന്മാരും ചുരുക്കമായിട്ടെങ്കിലും ഉണ്ടു്. യഥാർത്ഥത്തിൽ ക്രൈസ്തവാന്തരീക്ഷം, ഈശ്വരാസ്തിക്യത്തിൽ വിശ്വസിക്കുന്ന സകലർക്കും സ്വീകാര്യമായ ഒരു വിദ്യാപ്രദാനപദ്ധതിയാണെന്നു ഇനിയും പലർ ഗ്രഹിച്ചിട്ടില്ല.



മർഗ്ഗരീത്താമറിയത്തിനുണ്ടായ ദർശനം

19-ാം ശതകം മുതൽ പാശ്ചാത്യശാസ്ത്രജ്ഞന്മാരിൽ ഒരു വിഭാഗം നാസ്തികന്മാരായിത്തീന്നു. ആധുനിക പ്രാപഞ്ചികശാസ്ത്രങ്ങൾ അക്കാലം മുതൽക്കാണു് അഭിവൃദ്ധി പ്രാപിച്ചു തുടങ്ങിയതും. “അല്പം വിദ്വാൻ മഹാഗർവ്വി” എന്നുള്ള പഴമൊഴി അനുസരിച്ചാണു്, ആദിമശാസ്ത്രജ്ഞന്മാരിൽ പലരും നാസ്തികന്മാരായിത്തീന്നതു്. ഇവരുടെ ഉദ്ദേശ്യം, കുട്ടികളെ ശാസ്ത്രങ്ങൾ പഠിപ്പിക്കുന്നതോടൊപ്പം, അവരെക്കൂടി നാസ്തികന്മാരാക്കണമെന്നായിരുന്നു. ഈ സംഘക്കാരുടെ ദുഷ്പ്രവണതകൾ പാശ്ചാത്യദേശങ്ങളിലെ വിദ്യാഭ്യാസ മണ്ഡലങ്ങളിൽ പ്രത്യക്ഷപ്പെട്ടതിൻെറ ദുഷ്ഫലങ്ങൾ കരതലാമലകംപോലെ ലെയോൻ പാപ്പാ കണ്ടുഗ്രഹിച്ചു. ഈ ദുർവാസനയെ ശക്തിപൂർവ്വം തടയേണ്ടതു് അത്യാവശ്യമാണെന്നു് ക്രൈസ്തവസഭയുടെ പരമാദ്ധ്യക്ഷനും, ആദ്ധ്യാത്മികമൂല്യങ്ങളുടെ സംരക്ഷകനും ആയ ആ മാർപ്പാപ്പായ്ക്കു ബോദ്ധ്യപ്പെട്ടു. അക്കാരണത്താലാണു് മാർപ്പാപ്പാതിരുമേനി സകല പ്രാപഞ്ചികശാസ്ത്രങ്ങളും കലകളും പഠിപ്പിക്കുന്നതു്, മതാത്മകമായ അന്തരീക്ഷത്തിൽ വേണമെന്നു് ഉൽബോധിപ്പിക്കുകയുണ്ടായതു്.

ഒരു കുട്ടി, മിഡിൽസ്കൂൾക്ലാസ്സുകളിൽ ഇതരശാസ്ത്രങ്ങളുടെ മാതൃസ്ഥാനം വഹിക്കുന്ന ഭൂമിശാസ്ത്രം പഠിക്കുന്നു എന്നിരിക്കട്ടെ. സൗരയൂഥത്തെയും അതിൽ ഉൾപ്പെട്ട ഗ്രഹങ്ങളെയുംപററി അവൻ പഠിക്കുന്ന അവസരത്തിൽ പ്രപഞ്ചത്തിൻെറ മാഹാത്മ്യത്തെയും പ്രപഞ്ചസ്രഷ്ടാവിൻെറ ശക്തിപ്രഭാവങ്ങളെയും പററി, അദ്ധ്യാപകൻ ഒരു സൂചനമാത്രം കൊടുത്താൽ തന്മൂലം ആ

